**EXTRACT OF THE MINUTES OF THE BOARD MEETING HELD ON 11.06.2019**

**ഇനം1. പ്ലാനിംഗ് വിഭാഗം - ബോർഡിന്റെ അധീനതയിൽ വിവിധ ജില്ലകളിലായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ- സംബന്ധിച്ച്**

കുറിപ്പ് പരിഗണിച്ചു. ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ഇടപ്പള്ളി വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ സ്വീവേജ് നിർമ്മാണം സംബന്ധിച്ച വിഷയം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിന് ചീഫ് എഞ്ചിനീയർക്കും കൊച്ചി റീജിയണൽ എഞ്ചിനീയർക്കും നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

2. ബോർഡിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന ഓരോ സ്ഥലത്തിന്റെയും വിസ്തൃതി, നിലവിലെ മാർക്കറ്റ് വില, ടി വസ്തുവിലെ ആദായങ്ങൾ, ഭാവിയിൽ ലാഭകരമായി നടപ്പാക്കാവുന്ന പദ്ധതികൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് വിശദമായ റിപ്പോർട്ട് **3** ആഴ്ചയ്ക്കുള്ളിൽ അതാത് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നേരിട്ട് ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

3. ബോർഡിന്റെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതു വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കുടുംബശ്രീ എന്നിവരുമായി സംയോജിച്ച് കൃത്യമായി കാലാവധി നിശ്ചയിച്ചുകൊണ്ട് കൃഷി/വാഹന പാർക്കിംഗ് എന്നിവ പോലുള്ള സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് അതാത് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി.

4. ബോർഡിന്റെ കൈവശമുള്ള എല്ലാ സ്ഥലങ്ങളുടെയും റവന്യൂ രേഖകൾ, ആധാരം, നികുതി രസീതുകൾ, എന്നിവ പരിശോധിച്ച് കൃത്യമാണെന്ന് ഉറപ്പു വരുത്തി ആയതിന്റെ ഫോട്ടോകോപ്പികൾ സഹിതമുള്ള റിപ്പോർട്ട് ഓരോ ഡിവിഷനിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഒരു മാസത്തിനുള്ളിൽ നേരിട്ട് ബോർഡിൽ സമർപ്പിക്കേണ്ടതാണ്.

5. ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ നിലവിലുള്ള കൈയ്യേറ്റങ്ങൾ കണ്ടെത്തി ആയത് അടിയന്തിര പ്രാധാന്യത്തോടെ ഒഴിപ്പിക്കേണ്ടതും തുടർന്ന് ടി സ്ഥലങ്ങൾ ചുരുങ്ങിയ ചെലവിൽ വേലി കെട്ടി സംരക്ഷിക്കേണ്ടതുമാണ്. ആയതിന് അതാത് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി.

തുടർനടപടികൾക്കായി അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

( ഒപ്പ്)
സെക്രട്ടറി

(ഒപ്പ്)
ചെയർമാൻ

/ ശരിപ്പകർപ്പ് /
(ഒപ്പ്)
ഡെപ്യൂട്ടി സെക്രട്ടറി
(ബോർഡ് & കോൺഫിഡൻഷ്യൽ വിഭാഗം)